വർഷം	ലഭിച്ച കേന്ദ്ര സർക്കാർ ഫണ്ട് (കോടി)
2011-12	181.60
2012-13	145.39
2013-14	217.41
2014-15	154.57
2015-16	240.70

(ബി) മുഴുവൻ തുകയും ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും, ജില്ലകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1,355.16 കോടി രൂപ 31-1-2016 വരെ ചെലവഴിച്ചിട്ടുണ്ട്.

ഇന്ദിര ആവാസ് യോജന

20 (1394) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ് യോജന അനുസരിച്ച് വീട് നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഐ.എ.വൈ. പദ്ധതി അനുസരിച്ചുള്ള വീടുകൾ നിർമ്മിച്ച് വരുന്നുണ്ട്. 245619 വീടുകളുടെ പ്രവൃത്തി ആരംഭിക്കുകയും 166329 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഗ്രാമീണ മേഖലയിൽ ഭവനരഹിതരായിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ച് നൽകുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനമൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി യൂണിറ്റ് കോസ്റ്റ് പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.50 ലക്ഷമായും പൊതുവിഭാഗങ്ങൾക്ക് വേണ്ടി 2 ലക്ഷമായും ഉയർത്തുകയുണ്ടായി.

2. വീടുകളുടെ തറ വിസ്തീർണ്ണം 20-25 ചതുരശ്രമീറ്റർ എന്നുള്ളത് 66 ചതുരശ്രമീറ്റർ ആയി ഉയർത്തുകയുണ്ടായി.

3. ഗുണഭോക്താക്കൾക്ക് ധനസഹായം തങ്ങളുടെ അക്കൗണ്ടിൽ കമ്പ്യൂട്ടർ സംവിധാനം വഴി സംസ്ഥാന തലത്തിൽ നിന്ന് നേരിട്ട് നൽകുന്നതിനുള്ള പബ്ലിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) നടപ്പിലാക്കുകയുണ്ടായി.

4. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യവും അർഹതാധിഷ്ഠിതവുമാക്കുന്നതിനുവേണ്ടി അടുത്ത സാമ്പത്തിക വർഷം മുതൽ ഐ.എ.വൈ. പദ്ധതികളുടെ ഗുണഭോക്താക്കളെ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭവനരഹിതരുടെ പട്ടികയുടെ അടിസ്ഥാനത്തിൽ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

21 (1395) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്(ആർ.ഐ.ഡി.എഫ്) ഉപയോഗിച്ച് ഈ സർക്കാർ വന്നതിനുശേഷം എത്ര തുകയ്ക്കുള്ള പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തുകയുടെ പദ്ധതികൾ പൂർത്തീകരിച്ചു; എത്ര തുകയുടെ പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്നതും അനുമതി ലഭിച്ചതുമായ പദ്ധതികൾക്കായി ഈ സർക്കാരിന് എത്ര തുകയുടെ വായ്പയാണ് ലഭിക്കേണ്ടിയിരുന്നത്; ഇതിൽ എത്ര തുകയാണ് ഇതുവരെ സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകുമോ?

1436/2018.

LIBRARY ARCHIVES Kerala Legislative Assembly